# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *359 – 12/11/2019 - ലെ മറുപടിക്ക്

## പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായുള്ള ധനസമാഹരണം

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ. രാജൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. വി.ആർ. സുനിൽ കുമാർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായി നടക്കുന്ന ധനസമാഹരണ പ്രക്രിയയുടെ പുരോഗതി വ്യക്തമാക്കുമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 4656.59 കോടി രൂപയോളം സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന പുനർ നിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായതും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതുമായ വായ്പ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | |
| (സി) | കേരളത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ ബൃഹത് പദ്ധതികൾക്കുള്ള വിഭവസമാഹരണത്തിനായി, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5% ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും ഈ വായ്പകൾ അടുത്ത 2 വർഷത്തേയ്ക്ക് കടമെടുപ്പ് പരിധിയുടെ |

| | | |
|---|---|---|
| | | പുറത്തായി നിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| (ഡി) | കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വിദേശരാജ്യങ്ങളിൽ നിന്ന് ധനസഹായം സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിലപാട് അനുകൂലമാണോ; വ്യക്ത മാക്കുമോ? | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ ത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ അടക്കമുള്ള ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിക്കുകയുണ്ടായില്ല. |

**സെക്ഷൻ ഓഫീസർ**